# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 27**

---

## <u>സാമൂഹ്യശാസ്ത്ര ഗവേഷണത്തിൽ നിർമിത ബുദ്ധിയുടെ പ്രസക്തി വർധിക്കുന്നു- ഡോ. സുധാകർ റെഡ്ഡി</u>

സാമൂഹ്യ ശാസ്ത്ര ഗവേഷണ മേഖലയിൽ നിർമിത ബുദ്ധിയുടെ സാധ്യതകൾ വർധിച്ചുവരികയാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ റിസർച്ചിൻറെ ദക്ഷിണ മേഖലാ കേന്ദ്രം ഓണററി ഡയറക്ടർ ബി. സുധാകർ റെഡ്ഡി വിലയിരുത്തി. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷൺ റിലേഷൻസ് ആൻറ് പൊളിറ്റിക്സും കോളജ് ഡവലപ്മെൻറ് കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച ഔട്ട് റീച്ച് ഡവലപ്മെൻറ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അക്കാദമിക് മേഖലയ്ക്ക് പൊതുവിൽ ഗുണകരമാകുന്ന രീതിയിൽ വിവിധ പഠന ശാഖകൾ തമ്മിലുള്ള സഹകരണം ഊർജ്ജിതമാക്കേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടിയ അ ദ്ദേഹം ഐ.സി.എസ്.എസ് ആറിൽനിന്ന് ലഭ്യമാകുന്ന സാമ്പത്തിക പിന്തുണയെക്കുറിച്ചും വിശദീകരിച്ചു.

ഐ.സി.എസ്.എസ്.ആർ ദക്ഷിണമേഖലാ കേന്ദ്രത്തിൻറെ സഹകരണത്തോടെ നടത്തിയ പരിപാടി വൈസ് ചാൻസലർ സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ കോ-ഓർഡിനേറ്റർ ഡോ. എം.വി. ബിജുലാൽ, സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ, അമിത് ബിനീഷ് എന്നിവർ സംസാരിച്ചു. സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽനിന്നുള്ള അധ്യാപകരും വിദഗ്ധരും പങ്കെടുത്തു.

(പി.ആർ.ഒ/39/1281/2023)

## <u>എം.ജി സർവകലാശാലയിൽ കൊറിയ സെൻ്റർ ഉദ്ഘാടനം 31ന്</u>

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻ്റർനാഷണൽ റിലേഷൻസ് ആൻ്റ് പൊളിറ്റിക്സിൽ കൊറിയ സെൻ്റർ ഒക്ടോബർ 31ന്

പ്രവർത്തമാരംഭിക്കും. രാവിലെ 10.30ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ സെന്ററിന്റെ ഉദ്ഘാടനം ഇന്ത്യയിലെ ദക്ഷിണ കൊറിയൻ അംബാസഡർ ചാംഗ് ജീ ബോക്ക് നിർവഹിക്കും.

വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും. കൊറിയ സെന്ററിന്റെ സ്കോളർ ഇൻ റസിഡൻസ് ആയ കൊറിയയിലെ കിം ദേ ജംഗ് അക്കാദമി ഓഫ് പൊളിറ്റിക്സ് ചെയർമാൻ ഡോ. പെയ്ക് ഹാക്സൂണും പങ്കെടുക്കും.

ഇതോടനുബന്ധിച്ച് ഡോ. പെയ്ക് ഹാക്സൂണിന്റെ പ്രഭാഷണ പരമ്പരയ്ക്ക് ഒക്ടോബർ 30ന് രാവിലെ 11ന് തുടക്കമാകും. 31, നവംബർ ഒന്ന് തീയതികളിലും ഇദ്ദേഹം ദക്ഷിണകൊറിയും ഉത്തര കൊറിയയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രഭാഷണം നടത്തും.

(പി.ആർ.ഒ/39/1282/2023)

## യോഗ, നാച്വുറോപ്പതി കോഴ്സുകൾ; ഉദ്ഘാടനം ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ യോഗ ആന്റ് നാച്വുറോപ്പതി നടത്തുന്ന പുതിയ കോഴ്സുകളുടെ ഉദ്ഘാടനം ഇന്ന്(ഓക്ടോബർ 28) നടക്കും. രാവിലെ 9.30ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡീൻ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിക്കും.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ മുഖ്യ പ്രഭാഷണം നടത്തും. സെന്റർ ഡയറക്ടർ ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. ടി.വി. പത്മനാഭൻ, ഡോ. കെ.കെ. ഷിജു എന്നിവർ സംസാരിക്കും.

എം.എസ്.സി യോഗ ആന്റ് ജെറിയാട്രിക് കൗൺസലിംഗ്, പി.ജി. ഡിപ്ലോമ ഇൻ യോഗ,ഡിപ്ലോമ ഇൻ നാച്വുറോപ്പതി എന്നിവയാണ് പുതിയ കോഴ്സുകൾ.

(പി.ആർ.ഒ/39/1283/2023)

## എം.എഡ്; ആദ്യ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ എം.എഡ് പ്രോഗ്രാമിൽ ഏകജാലക പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ ഒക്ടോബർ 31 വൈകുന്നേരം നാലിനു മുൻപ് അതത് കോളജുകളിൽ പ്രവേശനം നേടണം.

(പി.ആർ.ഒ/39/1284/2023)

## ഓൺലൈൻ എം.ബി.എ വീഡിയോ ക്ലാസ്; പാനലിലേക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല ഓൺലൈൻ എം.ബി.എ പ്രോഗ്രാമിൻറെ വീഡിയോ ക്ലാസുകൾ തയ്യാറാക്കുന്നതിനുള്ള അധ്യാപക പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ സർവകലാശാലാ വെബ്സൈറ്റിൽ ഇതു സംബന്ധിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനത്തോടൊപ്പമുള്ള ഗൂഗിൾ ഫോം പൂരിപ്പിച്ചു നൽകണം.

അഞ്ചു മിനിറ്റിൽ കവിയാത്ത സാമ്പിൾ വീഡിയോ ക്ലാസുകൾ ഗൂഗിൾ ഫോമിനൊപ്പം അറ്റാച്ച് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 9778429536, 9778429538 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം.

(പി.ആർ.ഒ/39/1285/2023)

## സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ നവംബർ ഒന്നിന് ആരംഭിക്കുന്ന ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ്(ജി.ഡി.എ) കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ സർവകലാശാലാ കാമ്പസിലെ സെൻറർ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 9946299968, 8891391580.

(പി.ആർ.ഒ/39/1286/2023)

## പ്രൈവറ്റ് ബി.എ,ബി.കോം; അപേക്ഷാ സമയപരിധി നീട്ടി

പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബി.എ, ബി.കോം(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ അഡ്മിഷൻ സപ്ലിമെൻററി), അഞ്ചാം സെമസ്റ്റർ ബി.എ, ബി.കോം(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ഒക്ടോബർ 31 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

നവംബർ ഒന്നിന് ഫൈനോടു കൂടിയും നവംബർ രണ്ടിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1287/2023)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി (റഗുലർ, സപ്ലിമെൻററി) പരീക്ഷകൾ നവംബർ 10 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1288/2023)

## പ്രാക്ടിക്കൽ പരീക്ഷ മാറ്റി

ഒക്ടോബർ 19,20 തീയതികളിൽ തിരുവല്ല മാർത്തോമാ കോളജിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 30,31 തീയതികളിലേക്ക് പുന:ക്രമീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1289/2023)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോനാനോടെക്നോളജി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ ഏഴിന് അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1290/2023)

## പരീക്ഷാ ഫലം

ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ ഇംഗ്ലീഷ്(2021 അഡ്മിഷൻ റഗുലർ-ഓഗസ്റ്റ് 2022), (2022 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 10 വരെ ഓൺലൈനിൽ സമർപ്പിക്കാം.

…………………

ജൂലൈയിൽ നടത്തിയ എട്ടാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2017 അഡ്മിഷൻ റഗുലർ, 2015-2018 അഡ്മിഷൻ സപ്ലിമെൻററി, 2013-2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 10 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1291/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**